പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2782

10/03/2017-ൽ മറുപടിക്ക്

## കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള സ്റ്റാഫ് ഫിക്സേഷൻ

**ചോദ്യം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമത്തിലെ ഏതെല്ലാം ഭാഗങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(എ) 01-04-2010 മുതൽ നിലവിൽ വന്ന "സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ ലഭിക്കാനുള്ള കുട്ടികളുടെ അവകാശ ആക്റ്റ് - 2009" (കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം) കേരളത്തിലും നടപ്പാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച കേരള ചട്ടങ്ങൾ (കേരള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ ചട്ടങ്ങൾ 2011) 30-04-2011-ലെ ജി.ഒ (പി) നമ്പർ 100/2011/പൊവിവ പ്രകാരം 06-05-2011 മുതൽ പ്രാബല്യത്തിലാത്തിലായതോടെ നമ്മുടെ സംസ്ഥാനത്തും കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ആക്റ്റ് സെക്ഷൻ 25 പ്രകാരം ആക്റ്റ് നിലവിൽ വന്ന് (01-04-2010) 3 വർഷത്തിനുള്ളിലാണ് ആക്റ്റിന്റെ ഷെഡ്യൂളിൽ പറയുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം (PTR) സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത്. 2012-13 വർഷം മുതൽ ഇതും കേരളത്തിൽ പൂർണമായും നടപ്പാക്കിയിട്ടുണ്ട്.

(ബി) കെ.ഇ.ആർ അനുസരിച്ചാണോ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം അനുസരിച്ചാണോ ഇക്കഴിഞ്ഞ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് ഇറക്കിയതെന്ന് വ്യക്തമാക്കുമോ; സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ; സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ്

| | |
|---|---|
| അനുസരിച്ച് കെ.ഇ.ആർ ഭേദഗതി ചെയ്യുമോയെന്ന് വ്യക്തമാക്കുമോ; | (ബി) യും അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. (സി) യും |
| (സി) കെ.ഇ.ആർ ഭേദഗതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; 2011 ജനുവരി മുതൽ നടത്തിയ ഭേദഗതികൾ ഏതെല്ലാം; ഓരോന്നും വ്യക്തമാക്കുമോ; തസ്തിക നിർണ്ണയം സംബന്ധിച്ച് ഇറക്കിയ ഉത്തരവുകളെ അടിസ്ഥാനമായി കെ.ഇ.ആർ ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമത്തിൽ പറയുന്ന വിദ്യാർത്ഥി അദ്ധ്യാപക അനുപാതം തന്നെയാണ് 1 മുതൽ 8 വരെ ക്ലാസ്സുകളിൽ കേരളത്തിൽ ബാധകമാക്കിയിട്ടുള്ളത്. അധിക തസ്തികകൾക്കൊഴികെ 2011 – 12 മുതലും 2012 – 13 മുതൽ പൂർണമായും ഈ അനുപാതം കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. താഴെപ്പറയും പ്രകാരമാണ് ഈ അനുപാതം.

### 1 മുതൽ 5 വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം |
|---|---|
| 1 മുതൽ 30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ 120 വരെ | 4 |
| 121 മുതൽ 200 വരെ | 5 |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |

### 6 മുതൽ 8 വരെ ക്ലാസ്സുകൾ

| കുട്ടികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം |
|---|---|
| 1 മുതൽ 35 വരെ | 1 |
| 36 മുതൽ 70 വരെ | 2 |
| 71 മുതൽ 105 വരെ | 3 |
| 106 മുതൽ 140 വരെ | 4 |

ഇതുകൂടാതെ, 150-ൽ കൂടുതൽ കുട്ടികളുള്ള എൽ.പി സ്കൂളുകളിലും 100-ൽ കൂടുതൽ കുട്ടികളുള്ള യു.പി സ്കൂളുകളിലും ഹെഡ് ടീച്ചർമാരെ ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കും. 2011- 12 മുതൽ 2015-16 വരെയുള്ള 5 വർഷങ്ങളിലെ തസ്തിക നിർണ്ണയം 29-01-2016-ലെ ജി.ഒ (പി) നം. 29/2016/പൊവിവ പ്രകാരമാണ് നടപ്പാക്കിയത്. തസ്തിക നിർണ്ണയം, നിയമനാംഗീകാരം, അദ്ധ്യാപക-അനദ്ധ്യാപകരുടെ സംരക്ഷണം, പുനർവിന്യാസം തുടങ്ങിയ കാര്യങ്ങളിൽ ഈ ഉത്തരവിൽ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

തസ്തിക നിർണ്ണയം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് 2011-ന ശേഷം ആദ്യമായി കെ.ഇ.ആർ ഭേദഗതി ഉണ്ടായത് 11-08-2014-ലെ ജി.ഒ (പി) നം. 154/2014 പൊവിവ പ്രകാരമാണ്. (SRO No. 485/2014) ഇതിലെ ചട്ടങ്ങൾ ബഹുഭൂരിഭാഗവും പിൽക്കാലത്ത് ബഹു. കേരള ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി.

11-08-2014-ലെ കെ.ഇ.ആർ ഭേദഗതിക്കുശേഷം അദ്ധ്യാപക-അനദ്ധ്യാപകരുടെ സംരക്ഷണം, പുനർവിന്യാസം, തസ്തിക നിർണ്ണയം എന്നിവ സംബന്ധിച്ച് വന്ന ഭേദഗതി ഉത്തരവ് 03-12-2016-ലെ ജി.ഒ (പി) നം. 199/2016/പൊവിവ പ്രകാരമുള്ളതാണ്. (SRO No. 752/2016).